# രാഷ്ട്രീയപാർട്ടികൾ തിരുത്തപ്പെടണം

**എൻ.പി. ജോൺസൺ**
**സാമൂഹികപ്രവർത്തകൻ**

**1.** രാജ്യത്തിന്റെ ഭാവി നിർണ്ണയിക്കുന്നതിൽ തെരഞ്ഞെടുപ്പിന് വലിയ പങ്കുണ്ട്. സാമൂഹിക വ്യവസ്ഥ രൂപപ്പെടുന്നത് തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വരുന്ന സർക്കാറുകളുടെ രാഷ്ട്രീയ കാര്യപരിപാടികളിലൂടെയാണ്. അതുകൊണ്ടുതന്നെ തെരഞ്ഞെടുപ്പ് വളരെ നിർണ്ണായകമായ ഒന്നാണ്. എന്നാൽ തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തെ ഗൗരവമായി എടുക്കേണ്ട പല സാമൂഹ്യപ്രവർത്തകരും തെരഞ്ഞെടുപ്പിനോട് വിമുഖത കാണിക്കുന്നത് ശരിയല്ല. തെരഞ്ഞെടുപ്പിൽ സജീവമായി ഇടപെടുകയാണ് വേണ്ടത്. ഇത്രയും കാലം എന്തുചെയ്തു എന്നതിന് എല്ലാ രാഷ്ട്രീയ പാർട്ടികളും തെരഞ്ഞെടുപ്പ് കാലത്ത് ഉത്തരം പറയേണ്ടിവരും. ജനഹിതം അനുസരിക്കാതെ മുന്നോട്ട് പോകാൻ രാഷ്ട്രീയ പാർട്ടികൾക്ക് ഇന്ന് വലിയ പ്രയാസമാണ്. ജനങ്ങൾ സക്രിയരാണെങ്കിൽ നല്ല പ്രകടനം കാഴ്ചവയ്ക്കാതെ മുന്നോട്ട് പോകാൻ രാഷ്ട്രീയ പാർട്ടികൾക്ക് കഴിയില്ല. അതെല്ലാം വിലയിരുത്താനുള്ള അവസരമാണ് തെരഞ്ഞെടുപ്പ് കാലം. ആ രീതിയിൽ ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിൽ തെരഞ്ഞെടുപ്പ് നിർണ്ണായക പങ്ക് വഹിക്കുന്നു. നല്ലപ്രകടനമാണ് ഇടതുപക്ഷ സർക്കാർ കേരളത്തിൽ കാഴ്ചവച്ചത്. ജനക്ഷേമ പ്രവർത്തനങ്ങൾ മൂലധന താത്പര്യങ്ങൾക്ക് വേണ്ടി അട്ടിമറിക്കപ്പെടുന്നുണ്ടെങ്കിൽ പൊതുസമൂഹം ഇടപെട്ട് അത് തടയണം. അത്തരത്തിലുള്ള ഇടപെടലുകൾക്ക് സാമൂഹ്യപ്രവർത്തകർ പിന്തുണനൽകണം. തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തെ പൂർണ്ണമായും അവഗണിച്ചുകൊണ്ട് അത് സാധ്യമല്ല.

**2**. മാധ്യമങ്ങൾക്ക് ജനങ്ങളുടെ താത്പര്യം നോക്കേണ്ടതില്ല. കോർപ്പറേറ്റ് താത്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടാണ് അവർ നിലനിൽക്കുന്നത്. അത്തരം വാർത്തകൾക്കാണ് അവർ പ്രചാരം കൊടുക്കുന്നതും. കോർപ്പറേറ്റ്– രാഷ്ട്രീയ അവിശുദ്ധ ബന്ധത്തിൽ മാധ്യമങ്ങൾ ഇടനിലക്കാരായി നിൽക്കുന്നു. തെരഞ്ഞെടുപ്പിൽ ജനകീയ വിഷയങ്ങൾ ചർച്ചചെയ്യണമെന്ന് മാധ്യമങ്ങൾക്ക് തോന്നാത്തത് സ്വാഭാവികമാണ്. അവരുടെ പ്രവർത്തനരീതി അങ്ങിനെയാണ്.

**3**. ജനങ്ങളുടെയും രാഷ്ട്രീയ പ്രസ്ഥാനത്തിന്റെയും താത്പര്യങ്ങൾ വിരുദ്ധമാകുമ്പോൾ ജനപ്രതിനിധികൾ എടുക്കുന്ന നിലപാട് പ്രധാനമാകും. അത്തരം സന്ദർഭത്തിൽ ജനങ്ങൾക്ക് അനുകൂലമായ നിലപാട് എടുക്കുന്ന ജനപ്രതിനിധികൾക്ക് പിന്തുണനൽകാൻ പൊതുസമൂഹം ശ്രമിക്കണം. എന്നാൽ ജനവിരുദ്ധമായ നിലപാടെടുക്കുന്ന പല ജനപ്രതിനിധികളും ജാതി–മത ശക്തകളെ കൂട്ടുപിടിച്ചാണ് ജനരോഷത്തെ മറികടക്കുന്നത്. ജനഹിതം നോക്കാതെ പ്രവർത്തിച്ചാലും സമുദായ സ്വാധീനം ഉപയോഗിച്ച് അവർ അവിടെ വീണ്ടും ജയിക്കുന്നു. ഈ തെരഞ്ഞെടുപ്പിലും കേരളത്തിൽ അതാണ് സംഭവിക്കാൻ പോകുന്നത്. മൂലധന താത്പര്യങ്ങൾ സംരക്ഷിക്കുന്നവർ പലരും ജാതി–മത ശക്തികളുടെ സ്വാധീനത്തോടെ വീണ്ടും ജയിച്ചുകയറും. വലതുപക്ഷ പ്രസ്ഥാനങ്ങളാണ് വർഗ്ഗീയ കൂട്ടുകെട്ട് ഉപയോഗിച്ച് ജനഹിതത്തെ മിക്കപ്പോഴും മറികടക്കാറുള്ളത്. ഇടതുപക്ഷത്തിന് ഇത് സാധ്യമല്ലാത്തതിനാൽ ജനഹിതം ജനപ്രതിനിധികൾക്ക് മിക്കപ്പോഴും മാനിക്കേണ്ടി വരുന്നു.

**4**. രണ്ട് വർഷം കൂടുമ്പോൾ ജനപ്രതിനിധികളുടെ പ്രവർത്തനം ജനഹിതം പരിശോധിച്ച് വിലയിരുത്തണം. ജനഹിതം എതിരാണെങ്കിൽ ആ ജനപ്രതിനിധിയെ തിരിച്ചുവിളിക്കാനുള്ള അധികാരം നൽകുന്ന രീതിയിൽ നിയമനിർമ്മാണം നടത്തണം. ജനപ്രതിനിധിയുടെ പ്രവർത്തനം തൃപ്തികരമാണോ അല്ലയോ എന്ന ഒറ്റചോദ്യത്തിന്റെ അടിസ്ഥാനത്തിൽ ജനഹിതം നടത്തിയാൽ മതി. 40 ശതമാനം ആളുകൾ എതിരായി വോട്ട് ചെയ്താൽ തെറ്റുതിരുത്താനുള്ള അവസരം ജനപ്രതിനിധിക്ക് നൽകണം. നിശ്ചിത സമയത്തിന് ശേഷം വീണ്ടും നടക്കുന്ന പോളിംഗിൽ പരാജയപ്പെട്ടാൽ ആയാൾ ജനപ്രതിനിധി അല്ലാതായിത്തീരും.

**5**. വികസന പ്രവർത്തനങ്ങളുടെ പേരിൽ കുടിയൊഴിപ്പിക്കപ്പെടുന്നവർ മാത്രമല്ല വികസനത്തിന്റെ ഇരകൾ. വികലമായ വികസന കാഴ്ചപ്പാടിന്റെ പേരിൽ ദുരിതമനുഭവിക്കുന്നവരെല്ലാം വികസനത്തിന്റെ ഇരകളാണ്. ആറുവരിപ്പാത, ഐ.ടി സമുച്ചയങ്ങൾ ഇവയെല്ലാം വികസനമായി കരുതുന്ന സാമൂഹിക സാഹചര്യമാണ് കേരളത്തിൽ ഇന്ന് നില




**ഭരണകൂടത്തിന്റെ ജനവിരുദ്ധ നില പാടുകൾക്കെതിരെ ജനങ്ങൾ തെരുവിലിറ ങ്ങുന്ന സാധ്യത ഇന്ത്യയിലും പരീക്ഷിക്കപ്പെടാ വുന്നതാണ്. പൊതുമണ്ഡലത്തിന്റെ ഭാഗമായ സാമൂഹിക പ്രവർത്തകർ അതിന് നേതൃത്വം നൽകണം. നിർഭാഗ്യവശാൽ അത്തരം നീക്കങ്ങ ളെക്കുറിച്ചൊന്നും നമ്മുടെ സാമൂഹിക പ്രവർത്തകർ ചിന്തിക്കുന്നതേയില്ല.**

നിൽക്കുന്നത്. സാധരണക്കാരായ നിരവധി ജനങ്ങൾക്ക് കൊടുക്കേണ്ട വിഭവങ്ങൾ സാമൂഹിക പ്രാധാന്യമില്ലാത്ത പദ്ധതികൾക്കായി ചിലവഴിക്കപ്പെടുകയാണ് ഇത്തരം വികസനത്തിലൂടെ സംഭവിക്കുന്നതെന്ന് പൊതുസമൂഹം തിരിച്ചറിയുന്നില്ല. വിഭവങ്ങൾ അത്തരത്തിൽ മാറ്റപ്പെടുമ്പോൾ അത് ലഭിക്കാതെ പോകുന്നവരെല്ലാം വികസനത്തിന്റെ ഇരകളായി മാറുകയാണ്. ഈ രീതിയിൽ നിലനിൽക്കുന്ന വികസന സങ്കൽപ്പമാണ് ഇരകളെ സൃഷ്ടിക്കുന്നത്. അല്ലാതെ ഏതെങ്കിലും വികസന പദ്ധതിയുടെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെടുന്നവർ മാത്രമല്ല വികസനത്തിന്റെ ഇരകൾ. പരിസ്ഥിതിക്ക് ദോഷം ചെയ്യുന്ന വികസനം എന്ന് നമ്മൾ പറയുമ്പോൾ പാരിസ്ഥിതിക പ്രശ്നം എന്താണ് എന്ന കാര്യത്തിൽ കൃത്യമായ മാനദണ്ഡം വേണം. ജൈവ ആവാസവ്യവസ്ഥയും കാടുകളും സംരക്ഷിക്കുന്നതാകണം പരിസ്ഥിതിയെക്കുറിച്ചുള്ള കാഴ്ചപ്പാട്. മൂലമ്പിള്ളിയിൽ നിന്നും കുടിയൊഴിപ്പിക്കപ്പെട്ടവരുടെ പേരിൽ മാത്രമല്ല വല്ലാർപ്പാടം പദ്ധതി കൊണ്ടുവരുന്ന വികസനത്തെ എതിർക്കേണ്ടത്. പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഗണിച്ച് വല്ലാർപ്പാടം പദ്ധതി ഒന്നടങ്കം എതിർക്കപ്പെടേണ്ടതാണ്. മൂലമ്പിള്ളി മാത്രമായി പ്രശ്നത്തെ ചുരുക്കിയത് സാമൂഹിക പ്രവർത്തകരുടെ അജ്ഞതയാണ്. സ്മാർട്ട് സിറ്റിയുടെ കാര്യത്തിലും അതാണ് സംഭവിച്ചത്. കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ മാത്രം പ്രശ്നമായി അത് മാറി. കേരളത്തിൽ നടക്കുന്ന വികസന പ്രവർത്തനങ്ങളുടെ ഗുണം ആർക്കാണ് കിട്ടുന്നത് എന്ന തരത്തിലുള്ള ഒരു വിലയിരുത്തൽ നടക്കുന്നില്ല. മനുഷ്യാധ്വാനം ആസ്തികൾ ഉണ്ടാക്കുന്നുണ്ടെങ്കിലും ഇപ്രകാരം കിട്ടുന്ന ഒസ്യത്തിന്റെ പങ്കിനെ സ്ഥാപനവത്കരിക്കുകയാണ് നിലവിലുള്ള വികസനം ചെയ്യുന്നത്. ഈ തിരിച്ചറിവ് സമൂഹത്തിൽ സൃഷ്ടിക്കുകയാണ് വികസനത്തിന്റെ ഇരകളാക്കപ്പെടുന്നവരും സാമൂഹിക പ്രവർത്തകരും ചെയ്യേണ്ടത്.

**6**. കേരളത്തിന്റെ ഭാവിക്കായി ഇപ്പോൾ മാധ്യമങ്ങൾ തെരഞ്ഞെടുപ്പിൽ ഇടപെടുന്ന രീതിയെ ചോദ്യം ചെയ്യുകയാണ് ആദ്യം വേണ്ടത്. ഞങ്ങളുടെ ശരിയായ പ്രശ്നങ്ങളല്ല ഇവർ പറയുന്നതെന്ന് പൊതുസമൂഹം പറയാൻ തയ്യാറാകണം. സാമൂഹിക നീതി എന്നതിന് വേണ്ടത്ര പരിഗണന കിട്ടണം. ക്ഷേമരാഷ്ട്രം എന്ന സങ്കൽപ്പത്തെ അടിസ്ഥാനമാക്കിയാകണം ഭരണകൂടം മുന്നോട്ട് പോകേണ്ടത്. പൊതുവിതരണം സമ്പ്രദായം ശക്തിപ്പെടുത്തണം. മതേതര കാഴ്ചപ്പാട് ശക്തമാകണം. വർഗ്ഗീയ ശക്തികളുടെ ഇടപെടലിനെ തുറന്ന് കാണിക്കാൻ കഴിയണം. ശാസ്ത്രത്തിന്റെ നേട്ടങ്ങളെ വിദ്യഭ്യാസത്തിലൂടെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റാൻ കഴിയണം. കാടുകളും പരിസ്ഥിതിയും സംരക്ഷിക്കുന്ന കാഴ്ചപ്പാടുണ്ടാകണം. ഭക്ഷ്യസുരക്ഷയ്ക്ക് വേണ്ടി തുണ്ട് ഭൂമികൾ സാമൂഹിക ഉടമസ്ഥതയിൽ കൊണ്ടുവന്ന് കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കണം. മലയാള ഭാഷയെ സംരക്ഷിക്കുക എന്നത് ഒരു രാഷ്ട്രീയ പരിപാടിയായി പരിഗണിച്ച് നടപ്പിലാക്കണം.

**7**. ഈ സങ്കൽപ്പങ്ങൾക്ക് തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ പ്രാധാന്യമുണ്ടാകാൻ സാമൂഹിക പ്രവർത്തകർ മുന്നോട്ട് വരണം. തെരുവിൽ പ്രസംഗിച്ചും നോമിനേഷൻ കൊടുത്ത് സ്ഥാനാർത്ഥിയായി പ്രചാരണം നടത്തിയും ഇത്തരം വിഷയങ്ങൾ തെരഞ്ഞെടുപ്പിൽ ചർച്ചയാക്കണം. ചെറുരാഷ്ട്രീയ പ്രസ്ഥാനങ്ങളുണ്ടാക്കുന്നത് ഫലപ്രദമാകാതെ പോകും. ജനങ്ങളുടെ താത്പര്യത്തെ പൂർണ്ണമായി മറികടക്കാൻ മുന്നണികൾക്ക് കഴിയാത്തതിനാൽ നിലവിലുള്ള രാഷ്ട്രീയ കക്ഷികളുടെ ഇടപെടലുകളെ പരസ്യമായി വിചാരണ ചെയ്ത് മുന്നോട്ട് പോവുകയാണ് വേണ്ടത്. രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പ്രതിപക്ഷമായി നിൽക്കാൻ ജനങ്ങൾക്ക് കഴിയും. പ്രസ്ഥാനത്തിന്റെ പ്രശ്നങ്ങൾ തുറന്ന് കാട്ടിയും ചർച്ചാവിധേയമാക്കിയും അവരെ ജനപക്ഷത്ത് നിർത്താൻ പൊതുസമൂഹത്തിന് കഴിയും. എന്നാൽ വലതുപക്ഷ പ്രസ്ഥാനങ്ങളെ അത്തരത്തിൽ തിരുത്താൻ പ്രയാസമാണ്. മധ്യേഷ്യൻ രാജ്യങ്ങളിൽ നടക്കുന്ന ഭരണവിരുദ്ധ കലാപങ്ങൾ ശുഭസൂചനയാണ് തരുന്നത്. ഭരണകൂടത്തിന്റെ ജനവിരുദ്ധ നിലപാടുകൾക്കെതിരെ ജനങ്ങൾ തെരുവിലിറങ്ങുന്ന സാധ്യത ഇന്ത്യയിലും പരീക്ഷിക്കപ്പെടാവുന്നതാണ്. പൊതുമണ്ഡലത്തിന്റെ ഭാഗമായ സാമൂഹിക പ്രവർത്തകർ അതിന് നേതൃത്വം നൽകണം. നിർഭാഗ്യവശാൽ അത്തരം നീക്കങ്ങളെക്കുറിച്ചൊന്നും നമ്മുടെ സാമൂഹിക പ്രവർത്തകർ ചിന്തിക്കുന്നതേയില്ല.

**8**. മുകളിൽ പറഞ്ഞ കാര്യങ്ങളെല്ലാം തെരഞ്ഞെടുപ്പിൽ ചർച്ച ചെയ്യപ്പെടേണ്ട വിഷയങ്ങളാണ്.